REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത കായിക താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകീട്ട് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.**
- **പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസ് കൊച്ചിയിൽ ഇന്നാരംഭിക്കും. കേന്ദ്രമന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും.**
- **15,000 മഞ്ഞ റേഷൻ കാർഡുകൾ നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി G R അനിൽ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **സ്പെഷ്യൽ സ്കൂളുകൾക്കു പ്രത്യേക സാമ്പത്തിക സഹായം വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി.**
- **ഇന്ന് ലോക മാനസികാരോഗ്യ ദിനം.**
- **ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലാൻഡ് നെതർലാൻഡ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത കായിക താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ധ്യാൻ ചന്ദ് സ്റ്റേഡിയത്തിൽ വൈകിട്ട് 4.30 ന് നടക്കുന്ന ചടങ്ങിൽ താരങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ചൈനയിലെ ഹാങ്ചൗവിൽ കഴിഞ്ഞ ദിവസം സമാപിച്ച ഏഷ്യൻ ഗെയിംസിൽ 28 സ്വർണമെഡലുകൾ ഉൾപ്പെടെ 107

മെഡലുകളാണ് ഇന്ത്യ നേടിയത്. ഗെയിംസിലെ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണിത്.

പരിപാടിയിൽ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത താരങ്ങൾക്ക് പുറമെ അവരുടെ പരിശീലകരും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ഭാരവാഹികളും ദേശീയ കായിക ഫെഡറേഷൻ പ്രതിനിധികളും കേന്ദ്ര യുവജനകാര്യ- കായിക മന്ത്രാലയ ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

കുട്ടികളിലെ പോഷകാഹാരക്കുറവ് നിയന്ത്രിക്കുന്നതിന് മാർഗരേഖ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി സ്മൃതി ഇറാനി ന്യൂഡൽഹിയിൽ ഇന്ന് പുറത്തിറക്കും. അംഗൻവാടി തലത്തിൽ പോഷകാഹാരക്കുറവുള്ള കുട്ടികളെ തിരിച്ചറിയുന്നതിന് വിശദമായ നടപടി മാർഗരേഖയിലുണ്ടാകും.

രാജ്യത്തുടനീളം വനിതാ-ശിശു വികസന, ആരോഗ്യ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മധ്യപ്രദേശിലും രാജസ്ഥാനിലും BJP സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. മധ്യപ്രദേശിലെ മൂന്നാം സ്ഥാനാർത്ഥി പട്ടികയിൽ 57 പേരുണ്ട്. 230 അംഗ സഭയിലേക്ക് മൂന്ന് ഘട്ടങ്ങളിലായി 135 സ്ഥാനാർത്ഥികളെയാണ് BJP പ്രഖ്യാപിച്ചത്. മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ബുധ്നി മണ്ഡലത്തിൽ നിന്നും ജനവിധി തേടും.

രാജസ്ഥാനിൽ 41 പേരുടെ ആദ്യപട്ടികയാണ് BJP പുറത്തിറക്കിയത്. ആറു ലോക്സഭാംഗങ്ങളും ഒരു രാജ്യസഭാംഗവും പട്ടികയിലുണ്ട്.

✪✪✪

രാജ്യത്ത് ജാതി സെൻസസ് നടത്തണമെന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പരാമർശത്തെ രൂക്ഷമായി വിമർശിച്ച് BJP.

രാഷ്ട്രീയ നേട്ടത്തിനായി അദ്ദേഹം സമൂഹത്തെ വിഭജിക്കാൻ ശ്രമിക്കുകയാണെന്ന് BJP നേതാവും കേന്ദ്രമന്ത്രിയുമായ ധർമ്മേന്ദ്ര പ്രധാൻ കുറ്റപ്പെടുത്തി. സ്വാതന്ത്ര്യം ലഭിച്ച് 2014 വരെ ജാതി സെൻസസിനെ കോൺഗ്രസ് എപ്പോഴും എതിർത്തിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രഗവൺമെന്റിന് മാത്രമാണ് ഭരണഘടനാപരമായി ജാതി സെൻസസ് നടത്താൻ അധികാരമെന്നും ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

രാജ്യവ്യാപകമായി ജാതിസെൻസസ് നടത്തണമെന്ന ആശയത്തെ പിന്തുണയ്ക്കാൻ കോൺഗ്രസ് പ്രവർത്തകസമിതി തീരുമാനിച്ചതായി

യോഗത്തിനു ശേഷം രാഹുൽ ഗാന്ധി ന്യൂഡൽഹിയിൽ അറിയിച്ചിരുന്നു. ഇന്ത്യാ മുന്നണിയിലെ ഭൂരിപക്ഷം ഘടകകക്ഷികളും ഇതിനെ പിന്തുണയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. ജാതി സെൻസസിനെ പിന്തുണയ്ക്കാൻ കോൺഗ്രസ് പ്രവർത്തകസമിതിയെടുത്ത തീരുമാനം പാവപ്പെട്ടവരുടെ വിമോചനത്തിനായി വളരെ പുരോഗമനപരവും ശക്തവുമായ ചുവടുവെപ്പാണെന്ന് രാഹുൽഗാന്ധി അഭിപ്രായപ്പെട്ടു.

✪✪✪

പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് കൊച്ചിയിൽ ഇന്ന് ആരംഭിക്കും. ഉച്ച കഴിഞ്ഞ് കേന്ദ്ര മന്ത്രി പർഷോത്തം രുപാല കോൺഗ്രസ് ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

,.........(വോയ്സ്)..........

രാജ്യത്തെ കാർഷിക, കാർഷികാനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസന പ്രവർത്തനങ്ങളും ചർച്ചചെയ്യുന്ന സമ്മേളനം ഇതാദ്യമായാണ് സംസ്ഥാനത്ത് സംഘടിപ്പിക്കുന്നത്. പ്രമുഖ അക്കാദമിക് വിദഗ്ധർ, , ഗവേഷകർ, കർഷകർ, സംരംഭകർ തുടങ്ങിയവർ നാലുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. "സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക-ഭക്ഷ്യ സംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ " എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. പാരിസ്ഥിതിക ശോഷണം, കാലാവസ്ഥ വ്യതിയാനങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ കാർഷിക ഭക്ഷ്യ സംവിധാനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

15,000 മഞ്ഞ റേഷൻ കാർഡുകൾ നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി G R അനിൽ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. റേഷൻകാർഡുകളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും "തെളിമ" പദ്ധതിയുടെ മൂന്നാം ഘട്ട ഉദ്ഘാടനവും ഇതിന്റെ ഭാഗമായി നടക്കും.

✪✪✪

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് ആഗസ്ത് മാസത്തെ കമ്മീഷൻ വിതരണം ചെയ്തതായി മന്ത്രി G.Rഅനിൽ അറിയിച്ചു. സെപ്റ്റംബർ മാസത്തെ കമ്മീഷൻ ഇന്നു മുതൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും കമ്മീഷൻ തുക ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതുകൊണ്ടാണ് വിതരണം വൈകിയത്. കമ്മീഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതോടെ ഈ മാസം 16 മുതൽ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ച സമരത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന 'ആർദ്രം ആരോഗ്യം'പരിപാടിയുടെ ഭാഗമായി മന്ത്രി വീണ ജോർജ് രാവിലെ ഫോർട്ട് കൊച്ചി, കരിവേലിപ്പടി, പള്ളുരുത്തി ആശുപത്രികൾ സന്ദർശിക്കും.

ഓരോ ആശുപത്രിയിലും നടക്കുന്ന വികസനപ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ പരിഹരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്തെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കു പ്രത്യേക സാമ്പത്തിക സഹായം വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. സ്കൂൾ മാനേജ്മെന്റുകളുടെയും സംഘടനകളുടെയും തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുക യായിരുന്നു മന്ത്രി. സ്കൂൾ ജീവനക്കാരുടെ യോഗ്യത, കുട്ടികളുടെ പ്രായം, തെറാപ്പിസ്റ്റുകളുടെ സേവനം എന്നിവ യോഗം ചർച്ച ചെയ്തു.

✪✪✪

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് ഒക്ടോബർ 10 ലോക മാനസികാരോഗ്യ ദിനമായി ആചരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്...

......(വോയ്സ്)................

മാനസികാരോഗ്യ സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കാനും, എല്ലാവർക്കും പൂർണ മാനസികാരോഗ്യം ഉറപ്പുവരുത്താനുമാണ് ലോകമാനസികാരോഗ്യ ദിനാചരണം ലക്ഷ്യമിടുന്നത്. മാനസികാരോഗ്യം സാർവത്രികമായ ഒരു മനുഷ്യാവകാശമാണ് എന്നതാണ് ഈ വർഷത്തെ ദിനാചരണ വിഷയം.

ശാരീരികാരോഗ്യം പോലെ തന്നെ മാനസികാരോഗ്യവും പ്രധാനമായതിനാൽ മാനസികാരോഗ്യം അവഗണിക്കാൻ പാടില്ലെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ശാരീരിക ആരോഗ്യത്തെ സംരക്ഷിക്കാനായി എല്ലാ മുൻകരുതലുകളും എടുക്കുമ്പോൾ തന്നെ, മാനസികാരോഗ്യം പൊതുവെ അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. ഈ കാലഘട്ടത്തിലും മാനസികാരോഗ്യ സേവനങ്ങൾ വേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താൻ സാധാരണക്കാർക്ക് കഴിയാതെ വരുന്നു. ഇതിന് മാറ്റം വരണമെന്നും മന്ത്രി പറഞ്ഞു.

മാനസികാരോഗ്യ പരിപാടി നടപ്പിലാക്കിയത് വഴി സംസ്ഥാനത്ത് 304 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസംതോറും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലുമായി നടത്തി വരുന്നു. ഇതു മുഖേന നാൽപതിനായിരത്തിലധികം രോഗികൾക്ക് ചികിത്സയും മറ്റ് മാനസിക ആരോഗ്യ സേവനങ്ങളും ലഭ്യമാകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഹൈദരാബാദിൽ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലാൻഡ് നെതർലാൻഡ്സിനെ 99 റൺസിന് തോൽപ്പിച്ചു. 323 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ നെതർലാൻഡ്സിന് 46.3 ഓവറിൽ 223 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ.

ഇന്ന് രാവിലെ പത്തരയ്ക്ക് ധരംശാലയിൽ ഇംഗ്ലണ്ട് ബംഗ്ലാദേശിനെയും ഉച്ചയ്ക്ക് രണ്ടിന് ഹൈദരാബാദിൽ പാക്കിസ്ഥാൻ ശ്രീലങ്കയെയും നേരിടും.

നാളെ ഡൽഹിയിൽ ഇന്ത്യ അഫ്ഗാനിസ്ഥാനുമായി മത്സരിക്കും.

✪✪✪

കൊല്ലം ജില്ലാ സ്കൂൾ കായികമേളയിൽ 172 പോയിന്റ് നേടി അഞ്ചൽ ഉപജില്ല ചാമ്പ്യൻമാരായി. കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ പുനലൂർ ഉപജില്ല 157 പോയിന്റുമായി രണ്ടാം സ്ഥാനത്തായി.

✪✪✪

കൊല്ലത്ത് സമാപിച്ച ആരോഗ്യ സർവകലാശാല ദക്ഷിണമേഖലാ കലോത്സവത്തിൽ 254 പോയിന്റ് നേടി കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജ് ചാമ്പ്യന്മാരായി. ഗോകുലം മെഡിക്കൽ കോളേജാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

തദ്ദേശ ഭരണവകുപ്പ് വലിയൊരു പരിവർത്തനത്തിന്റെ ഘട്ടത്തിലാണെന്നും സേവനങ്ങൾ ലഭ്യമാക്കുകയും പ്രാദേശിക വികസനം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനും തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകണമെന്നും മന്ത്രി എം.ബി രാജേഷ് പറഞ്ഞു.

തിരുവനന്തപുരം IMG യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പ്രാദേശിക സാമ്പത്തിക ഉല്പാദനത്തിന് നേതൃത്വം നൽകുക, അതിൽ ഇടപെടുക എന്നതാണ് പുതിതായി തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിലെ നിർമാണ പ്രവർത്തനങ്ങൾക്കായി 182 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു.

28 റോഡുകൾക്കായി 123 കോടി 14 ലക്ഷം രൂപയും, നാല് പാലങ്ങൾക്കായി 14 കോടി 42 ലക്ഷം രൂപയും അനുവദിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. സ്മാർട് ക്ലാസ് റൂമുകൾ ഉൾപ്പെടെ 15 കെട്ടിടങ്ങൾക്കായി 44 കോടി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതായും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ ഭാഗമായി തയ്യാറാക്കിയ പാഠ്യപദ്ധതി ചട്ടക്കൂടുകൾ മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. പ്രീസ്കൂൾ വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും എന്നീ മേഖലകളിൽ സംസ്ഥാനത്ത് ആദ്യമായാണ് പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

അധ്യയനത്തിന്റെ സർവ്വ മേഖലകളിലും ഗുണനിലവാര പരിശോധന ഉണ്ടാകുന്നത് പൊതുവിദ്യാഭ്യാസ ധാരയുടെ കാര്യക്ഷമത വർധിപ്പിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. അധ്യാപകരുടെ പരിശീലന പരിപാടികൾ കാലാനുസൃതമായി പരിഷ്കരിക്കുമെന്ന് ശിവൻകുട്ടി അറിയിച്ചു.

✪✪✪

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരുമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. പെരിന്തൽമണ്ണ പൂക്കോയ തങ്ങൾ മെമ്മോറിയൽ ഗവ. കോളജിലെ അക്കാദമിക് ബ്ലോക്ക്, കാന്റീൻ കെട്ടിടങ്ങളുടെ ഉദ്ഘാടനവും പുതുതായി ലഭിച്ച നാക്ക് ഗ്രേഡ് പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ കോളേജുകളിലെ പഠന രീതി ഗുണപരമായ മാറ്റങ്ങളോടെയാകും നടപ്പാക്കുകയെന്നും മന്ത്രി അറിയിച്ചു.

വിദ്യാർഥികളുടെ സർഗവാസനകളെ കൂടുതൽ മെച്ചപ്പെടുത്തും വിധം വിദ്യാർഥി കേന്ദ്രീകൃത വിദ്യഭ്യാസ നയമാണ് സ്വീകരിക്കുകയെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിന് അനുയോജ്യമായ മത്സ്യ ഉത്പാദന വിപണന പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പാലക്കാട് ആലത്തൂർ മത്സ്യഭവൻ കെട്ടിടം മംഗലംഡാമിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഉൾനാടൻ ജലാശയങ്ങൾ മത്സ്യ കൃഷിക്കായി ഉപയോഗിക്കാൻ തയ്യാറാവണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ഊഷ്മളമായ ചിന്തകൾ സ്വാധീനിച്ച കവിയാണ് ഒളപ്പമണ്ണയെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കവിയുടെ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 'വരിനെല്ല്' സാംസ്കാരിക പരിപാടി പാലക്കാട് പെരിങ്ങോട്ടുകുറിശ്ശിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪